കോട്ടൺഹിൽ സംഭവം ജാതിവിവേചനത്തിന്റെ സമകാലരൂപം

പ്രധാനാദ്ധ്യാപികയായി കോട്ടൺഹില്ലിൽ വന്നിട്ട് ഒന്നരമാസമേ ആയിട്ടുള്ളു. ഇതിനിടയിൽ ഈ സ്കൂളിൽ വിവാദമായ ഒരു സംഭവം പോലും ഉണ്ടായിട്ടില്ലെന്നോർക്കണം. പിന്നെയെങ്ങനെയാണ് അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് ഇവരുടെ യോഗ്യതയിൽ സംശയം തോന്നിയത്. ഇവിടെയാണ് ജാതി സമർത്ഥമായി ഇടപെടുന്നത്. അതായത്, ഊർമ്മിള ടീച്ചർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളായതുകൊണ്ട് അവരുടെ യോഗ്യതയെ സംശയിക്കാൻ എന്തെങ്കിലും കാരണമുണ്ടാകണമെന്ന് ഒരു സവർണ്ണനും കരുതുന്നില്ല. ഊർമ്മിളാദേവിയ്ക്ക് യോഗ്യതയില്ലെന്നകാര്യത്തിൽ അവർക്ക് യാതൊരു തർക്കവുമുണ്ടാകാനിടയില്ല. ഇത്തരം തർക്കമില്ലായ്മകളാണ് സാങ്കേതികത്തികവോടെ എടുത്ത നടപടിയിൽ ജാതിവിവേചനമുണ്ടെന്ന് പറയാൻ നമുക്ക് കഴിയുന്നത്.



സണ്ണി എം.കപിക്കാട്

03/Jul/2014

ജാതി വിവേചനങ്ങൾക്കെതിരെ നിരവധി തെരുവുകലാപങ്ങൾ നടന്നിട്ടുള്ള കേരളത്തിൽ പ്രത്യേകിച്ച് തിരുവിതാംകൂർ മേഖലയിൽ പ്രത്യക്ഷമായ ജാതി വിവേചനങ്ങൾ വലിയ എതിർപ്പുകളെ ക്ഷണിച്ചുവരുത്താറുണ്ട്. കീഴാള നവോത്ഥാനപരിശ്രമങ്ങളിലൂടെ ചരിത്രപരമായി രൂപം കൊണ്ട ഈ ജാഗ്രതയാണ് ദളിത് കൂട്ടക്കൊലകളും കൂട്ടബലാത്സംഗങ്ങളും കേരളത്തിന് അജ്ഞാതമാക്കിമാറ്റുന്നത്. ഇതു ചൂട്ടിക്കാട്ടി പലപ്പോഴും പറയാറുള്ളത് കേരളത്തിൽ ജാതി വിവേചനം അവസാനിച്ചു എന്നാണ്. എന്നാൽ യാഥാർത്ഥ്യമെന്താണ്? ജാതി വിവേചനത്തിന്റെ പുതിയ സാങ്കേതികവിദ്യയും, രഹസ്യഭാഷയും അരങ്ങു തകർക്കുകയാണ്. ഇത്രയും പറഞ്ഞത്, കോട്ടൺ ഹിൽ സ്കൂളിലെ പ്രധാനാദ്ധ്യാപികയായിരുന്ന ഊർമ്മിളാദേവിയെ സ്ഥലം മാറ്റിയ നടപടിയിൽ എവിടെ ജാതിയിരിക്കുന്നു എന്ന നിഷ്കളങ്കത നടിച്ച മാന്യന്മാർ ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ടെന്ന് ഓർമ്മിപ്പിക്കാനാണ്. കോട്ടൺഹിൽ സ്കൂളിൽ വെച്ച് നടന്ന ഒരു പൊതുപരിപാടിയിൽ, വിദ്യാഭ്യാസ മന്ത്രി അബ്ദു റബ്ബിനെ അപമാനിക്കുന്ന വിധം ഊർമ്മിളാദേവി സംസാരിച്ചു എന്നതാണത്രേ അവർക്കെതിരെ നടപടിയെടുക്കാനുള്ള കാരണമായി പറയുന്നത്. പ്രസ്തുത യോഗത്തിലേക്ക് രണ്ടു മണിക്കൂർ വൈകിയാണ് മന്ത്രിയെത്തുന്നത്. ഈ സമയമെല്ലാം കുട്ടികൾക്ക് ക്ലാസ്സ് നഷ്ടപ്പെടുകയായിരുന്നു. കുട്ടികളുടെ ക്ലാസ്സ് നഷ്ടപ്പെടുന്ന തരത്തിലുള്ള പരിപാടികൾ നടത്തുന്നതിന്റെ അനൗചിത്യം ചൂണ്ടിക്കാണിക്കുക മാത്രമാണ് ഊർമ്മിളാദേവി ചെയ്തത്. ഇതെങ്ങനെ മന്ത്രിക്ക് അപമാനമായി തോന്നി എന്നത് തികച്ചും അജ്ഞാതമാണ്. കുട്ടികളുടെ ഭാവിയിൽ മന്ത്രിക്ക് താൽപര്യമുണ്ടായിരുന്നെങ്കിൽ ഊർമ്മിളാദേവിയുടെ അഭിപ്രായത്തോട് അദ്ദേഹം യോജിക്കുമായിരുന്നു. ഇതുമായി ബന്ധപ്പെട്ടു നടന്ന ഒരു ചാനൽ ചർച്ചയിൽ മന്ത്രി പറഞ്ഞത് സ്റ്റേജിൽ വെച്ച് താൻ അപമാനിക്കപ്പെട്ടതായി തനിക്ക് തോന്നിയില്ലെന്നും പിറ്റേദിവസത്തെ പത്രത്തിൽ വന്ന വാർത്തയിൽ നിന്നാണ് ഈ സംഭവത്തിന്റെ ഗൗരവം തനിക്ക് മനസ്സിലായതെന്നുമാണ്.

ഇക്കാര്യത്തിൽ ഊർമ്മിള ടീച്ചർ പറഞ്ഞത് താൻ ഒരു വർഷം

മാത്രം സർവ്വീസ് ഉള്ളയാളാണെന്നും, ക്യാൻസർ ബാധിതയാണെന്നും, ദലിത് വിഭാഗത്തിൽപ്പെട്ട വ്യക്തിയാണെന്നുമാണ്. താനൊരു പട്ടികജാതിക്കാരിയായതുകൊണ്ടാണ് തനിക്ക് നീതി നിഷേധിക്കുന്നതെന്നും ടീച്ചർ കൂട്ടിച്ചേർത്തു. ഇവിടെയാണ് മന്ത്രിക്ക് വേദിയിലിരിക്കുമ്പോൾ തോന്നാത്ത അപമാനം, പത്രക്കാർക്ക് തോന്നുകയും പിറ്റേദിവസം വലിയ വാർത്തയാവുകയും ചെയ്തതിലെ അതിബുദ്ധി നാം മനസ്സിലാക്കേണ്ടതുണ്ട്.ഇതിന്റെ പിന്നിൽ വലിയൊരു ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുന്നതാണീ സംഭവ പരമ്പരകൾ. ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, ഊർമ്മിള ടീച്ചറെ ആരും പരസ്യമായി ജാതി വിളിച്ചാക്ഷേപിച്ചില്ല എന്നതാണ്. പകരം മന്ത്രിയെ അപമാനിച്ചു എന്ന വാർത്തയുണ്ടാക്കുന്നു, അതിനെ മുൻനിർത്തി അന്വേഷണം നടത്തുന്നു, അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടീച്ചറെ സ്ഥലം മാറ്റുന്നു. **ദലിതർ അധികാരസ്ഥാനങ്ങളിലിരിക്കുന്ന സ്ഥാപനങ്ങളിലെല്ലാം സമാനമായ സമ്മർദ്ദങ്ങളും ഗൂഢാലോചനകളും നടക്കുന്നുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. ഇവിടെയെല്ലാം ഉപയോഗിക്കപ്പെടുന്നത് സാങ്കേതികതയും യോഗ്യതയെ സംബന്ധിച്ച തർക്കങ്ങളുമാണ്. ഇതിനെ സമർത്ഥമായി ഉപയോഗിച്ച ഒരു സന്ദർഭമായിരുന്നു കോട്ടൺഹിൽ സംഭവം. ഇത്തരമൊരു സന്ദർഭത്തെ മുൻനിർത്തി ന്യൂനപക്ഷ വിരുദ്ധതസൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമവും നടക്കുന്നുണ്ട്. ഇതിൽ ഹിന്ദുപീഡനം കാണുന്നവരും, മുസ്ലീം വിഭാഗത്തിൽപ്പെട്ട മന്ത്രിയായതുകൊണ്ട് ഈ പ്രശ്നത്തിലന്തർഭവിച്ചിരിക്കുന്ന ജാതിയെക്കുറിച്ച് പറയുന്നത് ദോഷമാണെന്ന് വിചാരിക്കുന്നവരും, ദലിതർക്കെതിരെ നടക്കുന്ന ജാതിവിവേചനത്തിന്റെ സമകാലീന രൂപങ്ങളെ അഭിസംബോധന ചെയ്യാൻ മടിക്കുന്നവരാണ്.**

ഈ അന്വേഷണ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ഒരു കണ്ടെത്തൽ കോട്ടൺ സ്കൂളിനെ നയിക്കാനുള്ള യോഗ്യത ഊർമ്മിളാദേവിക്കില്ല എന്നതായിരുന്നു. ഇന്ത്യയിലെ ദലിതർക്കെതിരെ സവർണ്ണർ എപ്പോഴും ഉപയോഗിക്കുന്ന ആയുധമാണ് യോഗ്യത അഥവാ മെറിറ്റ് എന്നത്. ഊർമ്മിള ടീച്ചർ പ്രധാനാദ്ധ്യാപികയായി കോട്ടൺഹില്ലിൽ വന്നിട്ട്

ഒന്നരമാസമേ ആയിട്ടുള്ളു. ഇതിനിടയിൽ ഈ സ്കൂളിൽ വിവാദമായ ഒരു സംഭവം പോലും ഉണ്ടായിട്ടില്ലെന്നോർക്കണം. പിന്നെയെങ്ങനെയാണ് അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് ഇവരുടെ യോഗ്യതയിൽ സംശയം തോന്നിയത്. ഇവിടെയാണ് ജാതി സമർത്ഥമായി ഇടപെടുന്നത്. അതായത്, ഊർമ്മിള ടീച്ചർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളായതുകൊണ്ട് അവരുടെ യോഗ്യതയെ സംശയിക്കാൻ എന്തെങ്കിലും കാരണമുണ്ടാകണമെന്ന് ഒരു സവർണ്ണനും കരുതുന്നില്ല. ഊർമ്മിളാദേവിയ്ക്ക് യോഗ്യതയില്ലെന്നകാര്യത്തിൽ അവർക്ക് യാതൊരു തർക്കവുമുണ്ടാകാനിടയില്ല. ഇത്തരം തർക്കമില്ലായ്മകളാണ് സാങ്കേതികത്തികവോടെ എടുത്ത നടപടിയിൽ ജാതിവിവേചനമുണ്ടെന്ന് പറയാൻ നമുക്ക് കഴിയുന്നത്. കാര്യങ്ങൾ വളരെ ലളിതവും വ്യക്തവുമാണ്. തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമായ കോട്ടൺഹില്ലിന്റെ പരമാധികാരിയായി ഒരു പട്ടികജാതിക്കാരിയെ അനുവദിക്കില്ല. അതിനവർ സാങ്കേതികതയുടെ മൂടുപടം അതിസമർത്ഥമായി ഉപയോഗിക്കുകയായിരുന്നു.

ജാതി വെറിയന്മാരായ ചിലർ നടത്തിയ ഗൂഢ നീക്കങ്ങളും, അടിസ്ഥാനരഹിതമായ പ്രചാരണങ്ങളുമാണ് കോട്ടൺഹിൽ സംഭവത്തിനടിസ്ഥാനമായത്. ഇത് മനസ്സിലാക്കാനുള്ള വിവേകവും നീതി ബോധവും കാണിച്ചില്ലയെന്നതാണ് വിദ്യാഭ്യാസ മന്ത്രി ചെയ്ത കുറ്റകൃത്യം. ഇങ്ങനെയൊന്നും ആലോചിക്കാതിരിക്കാൻ കേരളം അത്ര സുന്ദരമായ സ്ഥലമൊന്നുമല്ലല്ലോ? പട്ടികജാതിക്കാരനായ രജിസ്ട്രേഷൻ ഐ. ജി. വിരമിച്ചപ്പോൾ അദ്ദേഹത്തിന്റെ ഇരിപ്പിടം ചാണകവെള്ളം തളിച്ച് ശുദ്ധമാക്കിയ മ്ലേഛസ്ഥലം കൂടിയാണ് കേരളമെന്ന് നാം മറന്നുപോകരുത്. ദലിതർ അധികാരസ്ഥാനങ്ങളിലിരിക്കുന്ന സ്ഥാപനങ്ങളിലെല്ലാം സമാനമായ സമ്മർദ്ദങ്ങളും ഗൂഢാലോചനകളും നടക്കുന്നുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. ഇവിടെയെല്ലാം ഉപയോഗിക്കപ്പെടുന്നത് സാങ്കേതികതയും യോഗ്യതയെ സംബന്ധിച്ച തർക്കങ്ങളുമാണ്. ഇതിനെ സമർത്ഥമായി ഉപയോഗിച്ച ഒരു സന്ദർഭമായിരുന്നു കോട്ടൺഹിൽ സംഭവം.

ഇത്തരമൊരു സന്ദർഭത്തെ മുൻനിർത്തി ന്യൂനപക്ഷ വിരുദ്ധതസൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമവും നടക്കുന്നുണ്ട്. ഇതിൽ ഹിന്ദുപീഡനം കാണുന്നവരും, മുസ്ലീം വിഭാഗത്തിൽപ്പെട്ട മന്ത്രിയായതുകൊണ്ട് ഈ പ്രശ്നത്തിലന്തർഭവിച്ചിരിക്കുന്ന ജാതിയെക്കുറിച്ച് പറയുന്നത് ദോഷമാണെന്ന് വിചാരിക്കുന്നവരും, ദലിതർക്കെതിരെ നടക്കുന്ന ജാതിവിവേചനത്തിന്റെ സമകാലീന രൂപങ്ങളെ അഭിസംബോധന ചെയ്യാൻ മടിക്കുന്നവരാണ്. ഒരു സമൂഹമെന്ന നിലയിൽ നാം പരിഹരിക്കേണ്ട ഒരു പ്രശ്നമായി വേണം വേണം ജാതിവിവേചനത്തെ കാണേണ്ടത്. അതിനായി ഈ പ്രശ്നത്തെ തുറന്ന് ചർച്ച ചെയ്യാനുള്ള സന്നദ്ധതാണ് ആദ്യം വേണ്ടത്. ഗൂഢാലോചനക്കാരുടെ നടുവിൽ നിസ്സഹായനാകുന്ന വിദ്യാഭ്യാസമന്ത്രിയോ, സാങ്കേതികത ഉയർത്തിപ്പിടിച്ച് നിഷ്കളങ്കനാകുന്ന മുഖ്യമന്ത്രിയോ ഇക്കാര്യത്തിൽ നമുക്ക് ഗുണം ചെയ്യില്ല. സമൂഹത്തിൽ സംഭവിക്കുന്ന കാര്യങ്ങളിൽ ജാഗ്രതയോടെയും സൂക്ഷ്മതയോടെയും സർവ്വോപരി നീതി ബോധത്തോടെയും ഇടപെടുന്ന ഭരണാധികാരികളാണ് നമുക്ക് വേണ്ടത്.

(Visited 545 time, 5 visit today)



Rama Rao B · BTech-REC Warangal1983&MTech-IIT KGP 1987

ദളിതരുടെ പ്രശ്നങ്ങള വളരെ സൂക്ഷ്മങ്ങളാണ്. ജാതി തിമിരം ബാധിച്ചവർക്ക് ഇത് മനസ്സിലാകുകയില്ല.

Reply · Like · 2 · Follow Post · July 4 at 8:12am

ബ്ലോഗൻ

ദളിത് പീഡനം തന്നെ എന്ന് സമ്മതിക്കാം...
ആരാണ് അത് ചെയ്യുന്നത്.... സവർണ്ണരോ...? എല്ലാ ഉയർന്ന ജാതിക്കാരും പിന്നോക്ക വിരുദ്ധരാണോ...? ജാതിയും മതവും ഒന്നും പരിഗണിക്കാതെ മനുഷ്യനെ മനുഷ്യനായി കാണുന്ന കുറെ മനുഷ്യരുണ്ടിവിടെ എല്ലാ വിഭാഗങ്ങളിലും.... സവർണ്ണരുടെ ദളിത് വിരുദ്ധത എന്നാരോപിച്ച് ആകാശത്തേക്ക് വെടിവെക്കുമ്പോൾ പല നല്ല മനുഷ്യരും അപമാനിക്കപ്പെടുന്നുണ്ട് ഊർമ്മിളാ ദേവിക്കെതിരെ നടപടിയെടുക്കാൻ ശുപാർശ ചെയ്ത ഉദ്യോഗസ്ഥ/ൻ ആയിരുക്കാമല്ലോ ഈ സംഭവത്തിൽ ദളിത് വിരുദ്ധൻ... അയാളുടെ പേര് പറയാൻ എന്താ ഒരു മാധ്യമങ്ങൾക്കും കഴിയാത്തത് , ഇങ്ങനെ ഒരു ലേഖനത്തിൽ പോലും എന്ത് കൊണ്ട് ആ പേര് പരാമർശിക്കപ്പെടുന്നില്ല? ....ആർക്കാണ് 'സവർണ്ണ'നെ പേടി?

Reply · Like · 1 · Follow Post · July 4 at 10:42am



Sunny Mannumanam Kapicadu · Mahathma Gandhi University

സവർണർ എന്നത് വ്യക്തിയല്ല അതൊരു സാമുദായികമനോഘടയും സ്ഥാപനവും ആണെന്ന് മനസിലാക്കാതെ ഇന്ത്യയിൽ ഇപ്പോഴും മനുഷ്യർ ഉണ്ട് എന്നതു അത്ഭുതകരമാണ്. കുറേ നല്ല മനുഷ്യർ ഉണ്ട് എന്നത് സവർണർക്ക് എതിരായ വിമർശനത്തിനു ഉത്തരമാവുന്നില്ല.
സവർനനും
എന്നാൽ നീതി ബോധംഉള്ളവനുമായ താങ്കൾ ഇത്തരം കാര്യങ്ങളിൽ എന്താണു ചെയിതുകൊണ്ടിരികുന്നത് എന്നതാണ് സ്വയം മനസിലകേണ്ടത്